# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2020

## 16.08.2017 ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതിയും ജി.എസ്.ടി യും

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾക്ക് ജി.എസ്.ടി യുമായി ബന്ധപ്പെടുത്തി സാങ്കേതികാനുമതി നൽകാതെയും പദ്ധതികൾ നടപ്പിലാക്കാതെയും വൈകിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾക്ക് ജി.എസ്.ടി യുമായി ബന്ധപ്പെടുത്തി സാങ്കേതികാനുമതി നൽകാതിരിക്കുകയോ പ്രവൃത്തികൾ നടപ്പിലാക്കാതിരിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | മണലൂർ എം.എൽ.എ യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്ത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഇതുവരെ സാങ്കേതികാനുമതി നൽകിയെന്ന കാര്യം അറിയിക്കാമോ; | മണലൂർ എം.എൽ.എ യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്ത പ്രവൃത്തികളിൽ 'മണലൂർ മണ്ഡലത്തിലെ 13 സ്ഥലങ്ങളിൽ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ', 'ഇളവള്ളി ഗ്രാമപഞ്ചായത്ത് വാർഡ് 10 ലെ കർഷക റോഡ് നിർമ്മാണം' എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി യുടെ പേരിൽ പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്ന സാഹചര്യം ഇല്ലാതാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ജി.എസ്.ടി യുടെ പേരിൽ പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ